**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1961** **09-12-2022 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടി പ്ലാനറ്റേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ ചുറ്റമതിൽ നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ എന്നും അറിയിക്കുമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ ചുറ്റമതിൽ നിർമ്മാണത്തിന് നടപ്പുസാമ്പത്തിക വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-2018 കാലഘട്ടത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ അളവുകൾ തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പ്രവൃത്തിയുടെ തുടർ നിർമ്മാണം ആരംഭിക്കാൻ ഇനിയും സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ നിർമ്മാണം പൂർണമായും എന്നേക്ക് പൂർത്തീകരിക്കാനാകുമെന്നും പൊതുജനങ്ങൾക്ക് എന്നേക്ക് തുറന്ന് കൊടുക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ? | (ബി) | പ്ലാനറ്റേറിയം ആൻഡ് സയൻസ് പാർക്കിന്റെ പദ്ധതി പ്രദേശത്തേയ്ക്ക് ഉള്ള പ്രവേശന റോഡിൽ വളരെ വീതി കുറഞ്ഞ പാലമാണ് നിലവിൽ ഉള്ളത്. ആയതിനാൽ നിർമ്മിതികൾക്ക് അഗ്നിസുരക്ഷ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ പ്രശ്നം പരിഹരിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി പ്രവൃത്തികൾ പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ